1896 -ൽ മുതുകുളം വാരണപ്പള്ളി കുടുംബാംഗങ്ങൾ സ്ഥാപിച്ച കുടിപ്പള്ളിക്കൂടം പിന്നീട് വാരണപ്പള്ളി സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു. ശ്രീനാരായണ ഗുരു സംസ്കൃതപഠനം നടത്തുന്നതിനായി താമസിച്ചത് പുതുപ്പള്ളി വാരണപ്പള്ളി കുടുംബത്തിലാണ്. അതേ കുടുംബക്കാർ തന്നെയാണ് ഈ സ്കൂളും സ്ഥാപിച്ചത്.

അധ്യാപകരാവാൻ യോഗ്യത നേടിയ വ്യക്തികൾ ആരുംതന്നെ ഈ സമുദായത്തിൽ ഇല്ലാതിരുന്നതിനാൽ സ്കൂൾ നിൽക്കുന്ന സ്ഥലം രാജകുടുംബത്തിന് വിട്ടു നൽകി സ്കൂളും പഠനവും പുനസ്ഥാപിച്ചു.

1980 ൽ സ്കൂൾ പുതുക്കി പണിതു. 4 ക്ലാസ് മുറികളും ഒരു സ്റ്റാഫ് മുറിയും അടങ്ങുന്ന പുതിയ കെട്ടിടം പണിതു. 1996 ൽ ഈ സ്കൂളിന്റെ ശതാബ്ദി ആഘോഷം നടന്നു. കുട്ടികളുടെ വർദ്ധനവ് കൊണ്ട് വളരെ സമ്പന്നമായ ഒരു കാലമായിരുന്നു അന്ന. അക്കാലത്ത് തുന്നൽ, സംഗീതം എന്നീ കലകളും ഇവിടെ അഭ്യസിച്ചിരുന്നു. മികച്ച നിലവാരമുള്ള കുട്ടികളെ വാർത്തെടുക്കുന്നതിൽ ഈ സ്കൂൾ മികവ് പുലർത്തിപ്പോരുന്നു.

സുപ്രസിദ്ധ കവിയത്രി മുതുകുളം പാർവതി, ഗണിതപണ്ഡിതനായ ശ്രീ മുട്ടേത്തഴത്ത് ജി. ശങ്കരപിള്ള, ഹൈക്കോടതി ജഡ്ജി ശ്രീ. അമ്പഴവേലിൽ രാമകൃഷ്ണപിള്ള, ശ്രീ. ജയനാഥ് ഐ.പി.എസ്. തുടങ്ങി പല പ്രമുഖരും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ വാഹനത്തിന്റെ അപര്യാപ്തത ഇവിടുത്തെ കുട്ടികളുടെ എണ്ണം ഗണ്യമായി കുറക്കുന്നു. സ്കൂളിൽ രക്ഷിതാക്കളുടെ സഹായത്തോടുകൂടി ആരംഭിച്ച പ്രീ-പ്രൈമറി സ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിക്കാൻ സഹായിക്കുന്നു.

സ്കൂൾ വാർഷികോത്സവം, വിവിധ ക്യാമ്പുകൾ, വിവിധമേളകൾ, ദിനാചരണങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, പഠനയാത്രകൾ ഇവയിലെല്ലാം. സമൂഹപങ്കാളിത്തം ഉറപ്പാക്കാനും അവരുടെ സഹായത്തോടെ സ്കൂളിനെ ശക്തിപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**പ്രവർത്തനം – സ്കൂൾ കലണ്ടർ**
**മേഖല/ഉപമേഖല – സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷകർത്താക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി. പി.ടി.എ |

**പ്രവർത്തനം – കാരണവക്കൂട്ടം**
**മേഖല/ഉപമേഖല – സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ ഒരു തവണ | എസ്.ആർ. ജി. പി.ടി.എ |

**പ്രവർത്തനം – പൊതിച്ചോറ്**
**മേഖല/ഉപമേഖല – സാമൂഹികം /ജീവകാരുണ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും ഇതര ജീവനക്കാരും 5-10 ഭക്ഷണ പൊതികൾ വീതം കൊണ്ടുവരുന്നു. സമീപത്തുള്ള ആശുപത്രി, അനാഥാലയം എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കൽ. | വർഷത്തിൽ 3 പ്രാവശ്യം | എസ്.ആർ. ജി. |

**പ്രവർത്തനം - അമ്മവായന**

**മേഖല/ഉപമേഖല - സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാ തത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകുന്നു. | ആവശ്യാനുസരണം | എസ്.ആർ. ജി. |

**പ്രവർത്തനം - പി.ടി.എ/എം.പി.ടി.എ**

**മേഖല/ഉപമേഖല - സർഗ്ഗോത്സവം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അദ്ധ്യാപക രക്ഷകർതൃബന്ധം ശക്തമാക്കുക | പി.ടി.എ, എം.പി.ടി.എ, അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്കുവേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷകർത്താക്കൾക്ക് സമ്മാനങ്ങൾ നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ<br>എം.പി.ടി.എ<br>എസ്.ആർ.ജി |

**പ്രവർത്തനം - മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര**

**മേഖല/ഉപമേഖല - സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പഠനാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ<br>എസ്.ആർ. ജി |

പ്രവർത്തനം – സൗരോർജ്ജപാനൽ
മേഖല/ഉപമേഖല – ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പുരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സൗരോർജ്ജപാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ |

പ്രവർത്തനം – പൂർവ്വ വിദ്യാർത്ഥി സംഗമം
മേഖല/ഉപമേഖല – സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എസ്.എം.സി. എസ്.ആർ.ജി |

പ്രവർത്തനം – അങ്കണവാടി കലോത്സവം
മേഖല/ഉപമേഖല – സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ. നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരി സരത്തുള്ള അങ്കണ വാ ടിയിലെ കുട്ടികളെ പ ങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ |

പ്രവർത്തനം – കോർണർ പി.ടി.എ
മേഖല/ഉപമേഖല – സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷകർത്താക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി എസ്.എം. സി |

പ്രവർത്തനം - കുടിവെള്ള വിതരണം
മേഖല/ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം. ടാങ്കിൽ നിന്നും വാഷ് ടബ്, ടോയ്‌ലറ്റ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | 2 വർഷം | പി.ടി.എ |

പ്രവർത്തനം - മാലിന്യ സംസ്ക്കരണം
മേഖല/ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൗവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | ഒരു വർഷം | എസ്.ആർ.ജി. |

പ്രവർത്തനം - ബയോഗ്യാസ്
മേഖല/ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ നിലവിലുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുക. | 6 മാസം | ഗ്രാമപഞ്ചായത്ത് കൃഷിഭവൻ |

പ്രവർത്തനം - ടൂൾകിറ്റ്, പണിയായുധങ്ങൾ
മേഖല/ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പി.ടി.എ സ്റ്റാഫ് സെക്രട്ടറി |

പ്രവർത്തനം – കവാടം, പടിപ്പുര
മേഖല/ഉപമേഖല – ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര എന്നിവ സജ്ജമാക്കൽ | ഒരു വർഷം | പി.ടി.എ ഗ്രാമപഞ്ചായത്ത് |

പ്രവർത്തനം – പുതിയ സ്കൂൾ കെട്ടിടം
മേഖല/ഉപമേഖല – അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | ഡൈനിംഗ് ഹാൾ നിർമ്മാണം | രണ്ടു വർഷം | പി.ടി.എ എൽ.എസ്. ജി.ഡി |

പ്രവർത്തനം – ശൗചാലയ സമുച്ചയം
മേഖല/ഉപമേഖല – ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | 2 വർഷം | എസ്.എസ്.എ |

പ്രവർത്തനം – പ്രീപ്രൈമറി കെട്ടിടം
മേഖല/ഉപമേഖല – ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രീപ്രൈമിറ വിദ്യാദ്യാസ സൗകര്യം വർദ്ധിപ്പിക്കൽ | ആകർഷകമായ വിധത്തിൽ പ്രീ പ്രൈമറി സമുച്ചയം നിർമ്മിക്കുക. | 2 വർഷം | പി.ടി.എ എൽ.എസ്.ജി.ഡി |

**പ്രവർത്തനം – 9 ചരിത്ര കലണ്ടർ**
**മേഖല/ഉപമേഖല – അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടു പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധ പ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്രകലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി. |

**പ്രവർത്തനം – 10 മൺമറഞ്ഞ ആഹാരം**
**മേഖല/ഉപമേഖല – അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ എന്നിവ യുടെ പട്ടിക മുതിർന്നവ രിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്നവിധം, അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ എസ്.എം. സി |

**പ്രവർത്തനം – 11 ഫാസ്റ്റ് ഫുഡ് – ഫാസ്റ്റ് ടു ഡെത്ത്**
**മേഖല/ഉപമേഖല – അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങു ന്നതും വീട്ടിൽ ഉണ്ടാക്കു ന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു തവണ | എസ്.ആർ.ജി. |

**പ്രവർത്തനം - 5 ജൈവവൈവിധ്യപാർക്ക്**
**മേഖല/ഉപമേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ. ജി |

**പ്രവർത്തനം - 6 ക്ലാസ് പി.ടി.എ. സജീവമാക്കൽ**
**മേഖല/ഉപമേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ. കൃത്യമായ അജണ്ടവെച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതുചർച്ച. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ |

**പ്രവർത്തനം - 7 പോഷകാഹാര പരിപാടി**
**മേഖല/ഉപമേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം പി.ടി.എ. |

**പ്രവർത്തനം - 8 വർക്ക് ഷീറ്റ് നിർമ്മിക്കൽ**
**മേഖല/ഉപമേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ബാല സാഹിത്യമാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യവാരികകളിലെയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | രണ്ട് മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. |

# സാമൂഹ്യശാസ്ത്രം

**പ്രവർത്തനം – 1 സാമൂഹ്യശാസ്ത്രമൂല/ലൈബ്രറി**
**മേഖല/ഉപമേഖല – അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹികശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | ഓരോ ക്ലാസിലും സാമൂഹ്യ ശാസ്ത്രമൂല ക്രമീകരിക്കൽ, സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ക്ലാസിൽ ക്രമീകരിക്കൽ വായിച്ച് കുറിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം. ക്ലാസ് ടീച്ചേഴ്സ് |

**പ്രവർത്തനം – 2 പഠനയാത്രകൾ**
**മേഖല/ഉപമേഖല – അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി. |

**പ്രവർത്തനം – 3 ബുള്ളറ്റിൻ ബോർഡ്**
**മേഖല/ഉപമേഖല – അക്കാദമികം/സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

**പ്രവർത്തനം – 4 പച്ചക്കറിത്തോട്ടം**
**മേഖല/ഉപമേഖല – അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. എസ്.എസ്.ജി |

**പ്രവർത്തനം – 3 ദിനാചരണം**
**ഉപമേഖല – സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിതദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി |

## ഗണിതം

**പ്രവർത്തനം – 1 ഗണിതലാബ് സജ്ജീകരണം**
**ഉപമേഖല – അക്കാദമികം/ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ് |

**പ്രവർത്തനം – 2 ഗണിതം മധുരം**
**ഉപമേഖല – ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചതുഷ്ക്രിയകൾ തെറ്റുകൂടാതെയും വേഗത്തിലും ചെയ്യുക | • പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുക.<br>• ആവശ്യമായ പ്രവർത്തനം പാക്കേജ് ആസൂത്രണം ചെയ്യുന്നു.<br>• ഗണിതപാട്ട്, ഗണിതകേളി ഇവ നടത്തുന്നു.<br>• ഗണിത കിറ്റ് വിപുലീകരിക്കുന്നു<br>• ഗണിതക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കുന്നു.<br>• ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നു.<br>• ഗണിതമേളകൾ നടത്തുന്നു.<br>• ഗണിതമാഗസിൻ തയ്യാറാക്കുന്നു.<br>• ഗണിതക്വിസിന് കൂടുതൽ പ്രാധാന്യം നൽകുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

പ്രവർത്തനം – 7 അക്ഷരക്കളരി
മേഖല – ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളേയും തെറ്റുകൂടാതെ എഴുതാൻ പ്രാപ്തരാക്കുക | • എല്ലാ ക്ലാസിലേയും കുട്ടികളെയും ഉൾപ്പെടുത്തി ഗ്രൂപ്പ് രൂപീകരണം.<br>• ഒന്നാം ക്ലാസിലെ കുട്ടി ഒരക്ഷരം എഴുതുന്നു - വായന - രണ്ടാം ക്ലാസിലെ കുട്ടികൾ ആ അക്ഷരം ചേർന്നുവരുന്ന പദങ്ങൾ എഴുതൽ- വായന - മൂന്നാം ക്ലാസിലെ കുട്ടികൾ ആ പദങ്ങൾ/വാക്യങ്ങൾ ചേർന്നുവരുന്ന വ്യവഹാര രൂപങ്ങൾ എഴുത്ത് - വായന ഇവ ചേർത്ത് പതിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ 2 ദിവസം | ടീച്ചേഴ്സ് |

## സർഗ്ഗാത്മക വികസനം

പ്രവർത്തനം – 1 കരകൗശല ശില്പശാല
ഉപമേഖല – സർഗ്ഗാത്മകവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | ഫേബ്രിക് പെയിന്റിംഗ്, എംബ്രയോഡറി, വെജിറ്റബിൾ പ്രിന്റിംഗ്, പേപ്പർ ക്രാഫ്റ്റ്, ആഭരണനിർമ്മാണം തുടങ്ങിയയിൽ പരിശീലനം നൽകുന്നു. | മാസത്തിലൊരിക്കൽ | ടീച്ചേഴ്സ് |

പ്രവർത്തനം – 2 കലാമണ്ഡപം
ഉപമേഖല – സർഗ്ഗാത്മകവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാവാസനകൾ പരിപോഷിപ്പിക്കൽ | സ്കൂളിൽ നിന്നും വിരമിച്ച സംഗീത അധ്യാപികയുടെ സേവനം പ്രയോജനപ്പെടുത്തി സംഗീത പരിശീലനം, പൂർവ്വ വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തി നൃത്തപഠനം | മാസത്തിൽ രണ്ടു തവണ | പി.ടി.എ പൂർവ്വ വിദ്യാർത്ഥ സംഘടന |

**പ്രവർത്തനം – 4 നാടകക്കളരി**
**ഉപമേഖല – ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കാരം | പ്രതിമാസ പരിപാടി | സർഗ്ഗവേദി |

**പ്രവർത്തനം – 5 അഭിമുഖം/സെമിനാറുകൾ**
**മേഖല – സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി. |

**പ്രവർത്തനം – 6 വായനക്കൂട്ടം**
**മേഖല – ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കുക | • പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തൽ<br>• പരിമിതികൾ പരിഹരിക്കുന്നതിന് പ്രവർത്തന പാക്കേജ്<br>• വായനാവാരത്തിൽ വായനോത്സവം<br>• ഏറ്റവും കൂടുതൽ പുസ്തകം വായിച്ച കുട്ടികളെ പൊതുചടങ്ങിൽ അഭിനന്ദിക്കുന്നു.<br>• വായനാക്കുറിപ്പ് മത്സരം<br>• മികച്ചവയ്ക്ക് സമ്മാനം<br>• ബാലസഭയിൽ കഥവായന /പുസ്തകവായന മത്സരം<br>• ദിനപത്രവായന<br>• അസംബ്ലിയിൽ വാർത്തവായന | ജൂൺ - സെപ്റ്റംബർ | ക്ലാസ് അധ്യാപകർ |

# മാതൃഭാഷ

**പ്രവർത്തനം – 1 ഗ്രന്ഥശാല ശാക്തീകരണം**
**മേഖല – ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ, ഭവന സന്ദർശനം, പുസ്തകത്തൊട്ടിൽ, പിറന്നാൾ പുസ്തകം എന്നീ പദ്ധതികളിലൂടെ കണ്ടെത്തൽ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. വിതരണ രജിസ്റ്റർ തയ്യാറാക്കൽ | വർഷം മുഴുവൻ | എച്ച്.എം. പി.ടി.എ ടീച്ചേഴ്സ് |

**പ്രവർത്തനം – 2 രചനാ ശില്പശാല**
**ഉപമേഖല – മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി മേൽപ്പറഞ്ഞ ഉത്പ്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രവാശ്യം | വിദ്യാരംഗം കലാസാഹിത്യവേദി |

**പ്രവർത്തനം – 3 സർഗ്ഗസല്ലാപം**
**മേഖല – ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ, അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്.എം. പി.ടി.എ |

**പ്രവർത്തനം – 6 ഇംഗ്ലീഷ് ഫെസ്റ്റ്**
**ഉപമേഖല – ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം | പി.ടി.എ. എച്ച്.എം. ടീച്ചേഴ്സ് |

**പ്രവർത്തനം – 7 പദപ്രശ്ന നിർമ്മാണം**
**ഉപമേഖല – ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് |

**പ്രവർത്തനം – 8 വീട്ടിൽ അല്പം ഇംഗ്ലീഷ്**
**ഉപമേഖല – ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് മടികൂടാതെ എല്ലാവരോടും സംസാരിക്കുക | വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് രക്ഷകർത്താക്കൾക്ക് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്. ഇതിലൂടെ വീട്ടിലും സമൂഹത്തിലും കുട്ടികൾ ഇംഗ്ലീഷ് സംസാരിക്കുവാൻ പ്രേരിതരാകും. | പ്രതിമാസ പരിപാടി | പി.ടി.എ |

പ്രവർത്തനം – 3 ഇംഗ്ലീഷ് തീയേറ്റർ
ഉപമേഖല – ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസിനു മുമ്പാകെ അവതരിപ്പിക്കൽ Eg: Skit, Conversation, Drama etc. | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ |

പ്രവർത്തനം – 4 ഇംഗ്ലീഷ് ഡേ
ഉപമേഖല – ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് സംസാരിക്കുന്നതിന് | എല്ലാ വ്യാഴാഴ്ചയും പരമാധി ഇംഗ്ലീഷ് മാത്രം സംസാരിക്കാൻ പ്രോത്സാഹിപ്പിക്കും. (അദ്ധ്യാപകരും, കുട്ടികളും) | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ |

പ്രവർത്തനം – 5 ഇംഗ്ലീഷ് കോർണർ
ഉപമേഖല – ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. അവ വായിച്ച് വായനാകുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ. മികച്ച കുറിപ്പിന് സമ്മാനം | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് |